സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
കേരള, തിരുവനന്തപുരം,
തീയതി : 25-7-2008

നം: സി.ബി(1) 29936/2008

## സർക്കുലർ നം: 55/2008

വിഷയം:- സഹകരണ വകുപ്പ് - സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ നൽകി വരുന്ന കാർഷികേതര വായ്പകളുടെ പലിശനിരക്ക് പുതുക്കി നിശ്ചയിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1. ഈ ആഫീസിലെ 30-6-2008 തീയതിയിലെ 46/2008 നമ്പർ സർക്കുലർ.
2. 22-7-2008-ൽ ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സെൻട്രൽ ബാങ്ക് കോൺഫറൻസ് തീരുമാനം.

*****

സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ നൽകി വരുന്ന വിവിധയിനം കാർഷികേതര വായ്പകൾക്ക് ഈടാക്കാവുന്ന പരമാവധി പലിശനിരക്ക് നിശ്ചയിച്ച് സൂചന(1) പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. സൂചന(2) പ്രകാരം കൂടിയ യോഗത്തിൽ വിവിധയിനം വായ്പകൾക്ക് സഹകരണ ബാങ്കുകളിലും, മറ്റ് പൊതുമേഖലാ/വാണിജ്യ ബാങ്കുകളിലും നിലവിലുള്ള പലിശനിരക്ക് സംബന്ധിച്ച് അവലോകനം നടത്തുകയും സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ ഭവന നിർമ്മാണത്തിനും, കുടുംബശ്രീക്ക് നൽകുന്ന വിവിധയിനം പദ്ധതികൾക്കുമുള്ള വായ്പകളുടെ പലിശനിരക്ക് പരിഷ്ക്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതിൻപ്രകാരം താഴെ പറയുന്ന ഇനം വായ്പകൾക്ക് ഈടാക്കാവുന്ന പരമാവധി പലിശനിരക്കുകൾ ശതമാനക്കണക്കിൽ നിശ്ചയിച്ച് ചുവടെ ചേർക്കും വിധം ഉത്തരവാകുന്നു.

| ക്രമ നം | വായ്പാ ഇനം | വായ്പാ പരിധി | സംസ്ഥാന സഹകരണ ബാങ്ക് | | ജില്ലാ സഹകരണ ബാങ്കുകൾ | | പ്രാഥമിക വായ്പാ സഹകരണസംഘങ്ങൾ/ബാങ്കുകൾ | |
|---|---|---|---|---|---|---|---|---|
| | | | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് |
| 1 | ഭവന നിർമ്മാണം | 1.5 ലക്ഷം രൂപ വരെ | 1 ലക്ഷം രൂപ വരെ 9 ശതമാനവും അതിന് മുകളിൽ 3 ലക്ഷം വരെ 10 മുതൽ 13 ശതമാനം വരെയും | 9 | 1 ലക്ഷം രൂപ വരെ 9 ശതമാനവും അതിന് മുകളിൽ 3 ലക്ഷം വരെ 10 മുതൽ 13 ശതമാനം വരെയും | 9 | 1 ലക്ഷം രൂപ വരെ 9 ശതമാനവും അതിന് മുകളിൽ 3 ലക്ഷം വരെ 10 മുതൽ 13 ശതമാനം വരെയും | 9 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | 1.5 ലക്ഷം രൂപക്ക് മുകളിൽ 3 ലക്ഷം രൂപ വരെ | 10 മുതൽ 13 വരെ | 10 മുതൽ 13 വരെ | 10 മുതൽ 13 വരെ | 10 മുതൽ 13 വരെ | 10 മുതൽ 13 വരെ | 10 മുതൽ 13 വരെ |
| | | 3 ലക്ഷം രൂപക്ക് മുകളിൽ 5 ലക്ഷം രൂപ വരെ | 10 മുതൽ 13 വരെ | 10 മുതൽ 13 വരെ | 10 മുതൽ 13 വരെ | 10 മുതൽ 13 വരെ | 10 മുതൽ 13 വരെ | 10 മുതൽ 13 വരെ |
| | | 5 ലക്ഷം രൂപക്ക് മുകളിൽ | 11 മുതൽ 15 വരെ | 11 മുതൽ 15 വരെ | 11 മുതൽ 15 വരെ | 11 മുതൽ 15 വരെ | 11 മുതൽ 15 വരെ | 11 മുതൽ 15 വരെ |
| 2 | കുടുംബശ്രീയ്ക്കുള്ള വിവിധയിനം പദ്ധതി വായ്പകൾ | | | | 8 മുതൽ 10 വരെ | 7 | 8മുതൽ 10 വരെ | 7 |

പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങളിൽ ഉൾപ്പെട്ടവരും, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും എടുക്കുന്ന വായ്പകൾക്ക് പലിശനിരക്കിൽ നൽകിവരുന്ന 2 % ഇളവ് തുടരുന്നതാണ്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ/കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന ഭവനനിർമ്മാണ പദ്ധതികളും, മറ്റ് പദ്ധതി വായ്പകളും നൽകുന്നതിന് അതാത് സ്ഥാപനങ്ങളുടെ നിക്ഷേപം ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളിൽ ആയിരിയ്ക്കേണ്ടതാണ്. സൂചന(1) പ്രകാരമുള്ള സർക്കുലറിലെ മറ്റ് വായ്പാ പലിശനിരക്ക് നിർദ്ദേശങ്ങൾക്കും വ്യവസ്ഥകൾക്കും മാറ്റമുണ്ടായിരിയ്ക്കുന്നതല്ല.

ഒപ്പ്/-
റാണി ജോർജ്ജ് ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്:-

1. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്

2. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹ. കാർഷിക ഗ്രാമ വികസന ബാങ്ക്
3. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും
4. എല്ലാ ജില്ലാ ജോയിൻറ് രജിസ്ട്രാർ(ജനറൽ/ആഡിറ്റ്)മാർക്കും
5. ജോയിൻറ് രജിസ്ട്രാർ/കൺകറൻറ് ആഡിറ്റർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകൾ/സംസ്ഥാന സഹകരണ ബാങ്ക്.
6. എല്ലാ അസിസ്റ്റൻറ് രജിസ്ട്രാർ(ജനറൽ /ആഡിറ്റ്)മാർക്കും(ജോയിൻറ് രജിസ്ട്രാർ മുഖേന)
7. എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ/അർബൻ ബാങ്കുകൾ/മറ്റ് കാർഷികേതര വായ്പാ സഹ. സംഘങ്ങൾ/ബാങ്കുകൾ(ജോയിൻറ് രജിസ്ട്രാർമാർ മുഖേന)
8. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ,
9. എഡിറ്റർ, സഹകരണ വീഥി/ സഹകരണ ജേർണൽ(പ്രസിദ്ധീകരണത്തിന്)
10. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും.
11. സ്റ്റോക്ക് ഫയൽ / സ്പെയർ

//ആജ്ഞാനുസരണം//

സഹകരണസംഘം രജിസ്ട്രാർക്ക് വേണ്ടി